'ഭരണഭാഷ- മാതൃഭാഷ'

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ് - കുടുംബശ്രീ - ജീവനക്കാര്യം - ആലപ്പുഴ മിഷനിലെ അസിസ്റ്റന്റ് ജില്ലാ മിഷൻ കോ-ഓർഡിനേറ്ററായ ശ്രീ. പി.സുനിൽ, ഹൈസ്കൂൾ അസിസ്റ്റന്റ്, എസ്.എൻ.ഡി.പി ഹൈസ്കൂൾ, കാർത്തികപ്പള്ളി- അന്യത്രസേവനകാലാവധി ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ(ഐ.എ)വകുപ്പ്

**സ.ഉ.(സാധാ) നം.215/2020/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 25/01/2020

---

പരാമർശം:- 1 10.05.2013 തീയതിയിലെ 42/2013/ധന.നം.സർക്കുലർ

2 28.11.2013 തീയതിയിലെ സ.ഉ.(പി)നം. 580/2013/ധന.

3 23.01.2017 തീയതിയിലെ സ.ഉ(സാധാ)നം.191/2017/തസ്വഭവ.

4 10.05.2018തീയതിയിലെ സ.ഉ(സാധാ)നം.1307/2018/തസ്വഭവ.

5 കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 21.03.2019-ലെ 1165/ഇ1/2017/കെ.എസ്.എച്ച്.ഒ നമ്പർ കത്ത്.

<u>ഉത്തരവ്</u>

ആലപ്പുഴ കാർത്തികപ്പള്ളി എസ്.എൻ.ഡി.പി ഹൈസ്കൂൾ അസിസ്റ്റന്റായ ശ്രീ. പി.സുനിൽ-നെ കുടുംബശ്രീ ആലപ്പുഴ ജില്ലാ മിഷനിൽ അസിസ്റ്റന്റ് ജില്ലാ മിഷൻ കോ-ഓർഡിനേറ്ററായി അന്യത്രസേവന വ്യവസ്ഥയിൽ പരാമർശം (3)ലെ സർക്കാർ ഉത്തരവു പ്രകാരം നിയമിക്കുകയും പരാമർശം (4)മുഖേന അന്യത്രസേവനം 31.01.2019 വരെ ദീർഘിപ്പിച്ചു നൽകുകയും ചെയ്തിരുന്നു.

(2) ടിയാന്റെ അന്യത്രസേവന കാലാവധി 31.01.2019 തീയതിയിൽ അവസാനിച്ച സാഹചര്യത്തിൽ 01.02.2019 തീയതി മുതൽ ഒരു വർഷത്തേക്ക് കൂടി അന്യത്രസേവനം ദീർഘിപ്പിച്ചു നൽകണമെന്ന് പരാമർശം (5) പ്രകാരം കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

(3)സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആലപ്പുഴ കാർത്തികപ്പള്ളി എസ്.എൻ.ഡി.പി ഹൈസ്കൂൾ അസിസ്റ്റന്റായ ശ്രീ. പി.സുനിൽ-ന്റെ കുടുംബശ്രീ ആലപ്പുഴ ജില്ലാ മിഷനിലെ അസിസ്റ്റന്റ് ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ തസ്തികയിലെ അന്യത്ര സേവനകാലം കേരള സർവ്വീസ് റൂൾ ഭാഗം 1 ചട്ടം 140 (സി) പ്രകാരമുള്ള വ്യവസ്ഥകൾക്കും പരാമർശം (1),(2) ഉത്തരവുകളിലെ വ്യവസ്ഥകൾക്കും, മാനദണ്ഡങ്ങൾക്കും വിധേയമായി 01.02.2019 മുതൽ ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ചു നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**നന്ദന ആർ പി**

**അണ്ടർ സെക്രട്ടറി**

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം

ബന്ധപ്പെട്ട വ്യക്തിക്ക് (ജില്ലാ വിദ്യാഭ്യാസ ഓഫീസർ മുഖേന)

ജില്ലാ വിദ്യാഭ്യാസ ഓഫീസർ, ആലപ്പുഴ

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) (എൽ.ബി.എ) കേരളം,
തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ